11-02-2023

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–11/02/2023.

1. സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വൈഗ അന്താരാഷ്ട്ര ശില്പശാല ഫെബ്രുവരി 25 മുതൽ മാർച്ച് 2 വരെ സംഘടിപ്പിക്കുന്നു. വൈഗ അഗ്രി ഹാക്കത്തോണിന് ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള തീയതി 2023 ഫെബ്രുവരി 15-ന് ഉച്ചക്ക് 12 മണി വരെ നീട്ടി. കോളേജ് വിദ്യാർത്ഥികൾ, സ്റ്റാർട്ടപ്പുകൾ, കർഷകർ ഉൾപ്പെടുന്ന പൊതു വിഭാഗം എന്നീ മൂന്നു വിഭാഗങ്ങളിലായി രജിസ്റ്റർചെയ്യാവുന്നതാണ്. കാർഷിക മേഖലയിലെ പ്രശ്നങ്ങളിൽ ഫലപ്രദമായ സാങ്കേതിക പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനാണ് ഹാക്കത്തോൺ സംഘടിപ്പിക്കുന്നത്. രജിസ്റ്റർ ചെയ്യുന്ന എല്ലാ ടീമുകളും, പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചുള്ള ലഘുവിവരണവും പ്രസന്റേഷനും നിശ്ചിത സമയത്തിനകം വൈഗ അഗ്രിഹാക്ക് പോർട്ടലിൽ (vaigaagrihack.in) അപ്ലോഡ് ചെയ്യണം. വൈഗ ബി2ബി മീറ്റിലെ ഉല്പാദകരുടെ രജിസ്ട്രേഷൻ അവസാനിച്ചു. സംരംഭകർക്ക് തുടർന്നും www.vaigakerala.com വഴി പേര് രജിസ്ടർ ചെയ്യാവുന്നതാണ്.

2. ഉത്തര മേഖലാ പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ വച്ച് നടത്തുന്ന 'ഫാം കാർണിവൽ -സഫലം 2023' നോടനുബന്ധിച്ച് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ പകൽ 10 മണി മുതൽ വൈകിട്ട് 5 മണി വരെയുള്ള സമയങ്ങളിൽ വിളിച്ചു പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനം ഈ മാസം 21 ന് (21.02.2023) ശാസ്ത്രീയ കശുമാവ് കൃഷി പരിശീലനം. വിളിക്കേണ്ട നമ്പർ - 7012389920., ഈ മാസം 23 ന് 'കശുമാവ് കൃഷി ഭാവിയിലേക്കുള്ള വിള'- ഏകദിന സെമിനാർ. വിളിക്കേണ്ട നമ്പർ - 7907277748., ഈ മാസം 25 ന് കാർഷിക യന്ത്രങ്ങളുടെ പ്രായോഗിക പരിശീലനം. വിളിക്കേണ്ട നമ്പർ - 9846334758., ഈ മാസം 25 ന് സുഗന്ധ വ്യഞ്ജന വിളകൾ - സെമിനാർ. തീയതി (25.02.2023.) വിളിക്കേണ്ട നമ്പർ - 7907741584 ., ഈ മാസം 27 ന് തെങ്ങിലെ കൃഷിരീതികൾ - സെമിനാർ. വിളിക്കേണ്ട - 8281307144., ഈ മാസം 28 ന് (28.02.2023) കശുമാങ്ങ സംസ്കരണം ഏകദിന പരിശീലനം. (വനിതകൾക്ക്) വിളിക്കേണ്ട നമ്പർ - 9846334758.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. വൈഗ 2023 അന്താരാഷ്ട്ര ശിൽപ്പശാലയും കാർഷിക പ്രദർശനവും ഫെബ്രുവരി 25 മുതൽ മാർച്ച് 2 വരെ സംഘടിപ്പിക്കുന്നു. പരിപാടിയുടെ ഫോട്ടോ കവറേജ് ചെയ്യുന്നതിലേക്ക് തയ്യാറുള്ള വ്യക്തികളിൽ/ സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിക്കുന്നു. വൈഗ വേദിയായ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിലും, സെമിനാർ ഹാളുകളിലും, മറ്റു വൈഗ നടത്തുന്ന എല്ലാ വേദികളിലും നടക്കുന്ന മുഴുവൻ പരിപാടികളും പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ഫോട്ടോ കവറേജ് നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ 14.02.23ന് 3 മണിക്ക് മുൻപായി പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ,ാ കവടിയാർ പി ഒ., തിരുവനന്തപുരം എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന് മുകളിലായി ഫാം ഇൻഫർമേഷൻ ബ്യൂറോക്ക് വേണ്ടി വൈഗ 2023 പ്രചരണാർത്ഥം ഫോട്ടോ കവറേജ് ചെയ്യുന്നതിലേക്കുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2317314 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

4. സംസ്ഥാന ക്ഷീരസംഗമം പടവ് 2023 ഫെബ്രുവരി 10 മുതൽ 15 വരെ മണ്ണുത്തി വെറ്ററിനറി കോളേജ് ക്യാമ്പസിൽ വച്ച് നടക്കുന്നു. ക്ഷീരസംഗമം പരിപാടിയുടെ രണ്ടാം ദിവസമായ ഇന്ന് (11.02.23) കേരള ഡെയറി എക്സ്പോ റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജന്റെ അദ്ധ്യക്ഷതയിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവ്വഹിക്കും. ഇതോടനുബന്ധിച്ച് മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവർ ക്ഷീരകർഷക ഭവനങ്ങളും ക്ഷീരസംഘങ്ങളും തൃശ്ശൂർ മിൽമ ഡെയറി പ്ലാന്റും സന്ദർശിക്കുന്നു.

5. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒരുമാസം പ്രായമായ തലശ്ശേരി നാടൻ ഇനത്തിൽപ്പെട്ട മുട്ടക്കോഴി കുഞ്ഞുങ്ങൾ ഒന്നിന് 120 രൂപ നിരക്കിൽ വിൽപ്പന ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

## പരിശീലന പരിപാടി

6. ക്ഷീരവികസന വകുപ്പിന്റെ തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2023 ഫെബ്രുവരി 20, 21 തീയതികളിൽ "ശുദ്ധമായ പാലുൽപാദനം" എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ

പരിശീലന പരിപാടി നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 2023 ഫെബ്രുവരി 17ന് 5 മണിക്ക് മുൻപായി മുൻപായി ഫോൺ മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യേ ണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഒരോ ദിവസവും 150 രൂപ ദിനബത്തയും ആകെ 100 രൂപ യാത്ര ബത്തയും നൽകുന്നതാണ്. പരിശീലനാർഥികൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസിലോ, 0471 2440911 എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

7. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2023 ഫെബ്രുവരി മാസം **14, 15 (14.02.2023, 15.02.2023) തീയതികളിൽ ഇറച്ചിക്കോഴി വളർത്തൽ 20, 21 (20.02.2023, 21.02.2023) തീയതികളിൽ മുട്ടക്കോഴി വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ 0471 -2732918 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

8. കേരള കാർഷിക സർവകലാശാല നെല്ല് ഗവേഷണ കേന്ദ്രം, മങ്കൊമ്പ് ആലപ്പുഴയിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ കൂൺ കർഷകർക്കായി മൂന്ന് ദിവസത്തെ 'കൂൺ വിത്ത് ഉൽപാദന പരിശീലന പരിപാടി' ഫെബ്രുവരി അവസാനവാരം നടത്തപ്പെടുന്നു കൂൺ കൃഷിയിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രായോഗിക പരിചയമുള്ള കർഷകർക്ക് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. പ്രായോഗിക പരിചയം തെളിയിക്കുന്നതിന് ബന്ധപ്പെട്ട കൃഷി ഓഫീസറിൽ നിന്നുമുള്ള സാക്ഷ്യപത്രം രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ് തിരഞ്ഞെടുക്കപ്പെടുന്ന 15 കർഷകർക്ക് മാത്രമായി പരിശീലന പരിപാടി പരിമിതപ്പെടുത്തിയിരിക്കുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന യോഗ്യതയുള്ള കർഷകർ വിവരം ബന്ധപ്പെട്ട ചുമതലയുള്ള ഓഫീസറെ 9447506572 എന്ന നമ്പരിൽ വിളിച്ച് മുൻകൂട്ടി അറിയിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്, 0477 2702245 എന്ന നമ്പരിൽ ഓഫീസുമായി ബന്ധപ്പെടുക.